# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4254 16/12/2014-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | 2009 ജൂലൈ 21ാം തീയതി (സിവിൽ അപ്പീൽ 104, 105 of 2001) പുറപ്പെടുവിച്ച വിധി പ്രകാരം ഭൂരഹിതരായ ആദിവാസികൾക്ക് എത്ര ഭൂമി ആവശ്യമുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | ബഹു. സുപ്രീം കോടതി വിധി പ്രകാരം കേരളത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി കേന്ദ്ര പരിസ്ഥിതി വനം വകുപ്പ് 19002.26 ഏക്കർ ഭൂമി അനുവദിച്ചു തന്നിട്ടുണ്ട്. ഇത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ആദിവാസികൾക്ക് എത്ര ഭൂമി നൽകിയിട്ടുണ്ട്; നൽകാനായി സർക്കാരിന്റെ കൈവശം എത്ര ഭൂമി ഉണ്ട്. എത്ര അപേക്ഷകൾ ഇതുവരെ കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമായ കണക്ക പ്രകാരം 206.48 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. സർക്കാരിന്റെ കൈവശം 19002.26 ഏക്കർ ഭൂമിയുണ്ട്. 2606 അപേക്ഷകൾ ഇതുവരെ കിട്ടിയിട്ടുണ്ട്. |
| (സി) | ആദിവാസികളായ അപേക്ഷകരുടെ എണ്ണവും അവർക്ക് നൽകാനാവശ്യമായ ഭൂമിയുടെ വിസ്തീർണ്ണവും (സർക്കാർ കണ്ടെത്തിയതും ആവശ്യമായതുമായ) ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | ജില്ല തിരിച്ചുള്ള അപേക്ഷകരുടെ എണ്ണവും ഭൂമിയുടെ വിസ്തീർണ്ണവും **അനുബന്ധമായി** ചേർക്കുന്നു. |

Haripriya

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ജില്ല | ഭൂമിയുടെ (ഹെക്ടർ) അളവ് | അപേക്ഷകളുടെ എണ്ണം |
|---|---|---|
| പാലക്കാട് | 10772.42 | 203 |
| മലപ്പുറം | 502.99 | 30 |
| വയനാട് | 7429.95 | 1563 |
| കണ്ണൂർ | 205.01 | 25 |
| കാസർഗോഡ് | 91.89 | 130 |
| തിരുവനന്തപുരം | Nil | 34 |
| കൊല്ലം | Nil | 7 |
| ആലപ്പുഴ | Nil | 3 |
| പത്തനംതിട്ട | Nil | 78 |
| തൃശ്ശൂർ | Nil | 15 |
| കോട്ടയം | Nil | 274 |
| ഇടുക്കി | Nil | 242 |
| എറണാകുളം | Nil | 2 |
| കോഴിക്കോട് | Nil | Nil |
| **ആകെ** | **19002.26** | **2606** |

Haripriya
സെക്ഷൻ ഓഫീസർ